നമ്പർ എൻ.ഇ.പി3/ 2747/2017/ഡി.പി.ഐ     പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം

തീയതി : 11.01.2017

## സർക്കുലർ

വിഷയം :- പൊതുവിദ്യാഭ്യാസം - പ്രൈമറി സ്കൂളുകളിലും ഐ.സി.ടി. അധിഷ്ഠിത പഠന പ്രവർത്തനങ്ങളും ഇ-ഗവേണൻസ് പ്രവർത്തന ങ്ങളും കൂടുതൽ ഫലപ്രദമാക്കുന്നതിന് പ്രൈമറി സ്കൂൾ തലത്തിൽ വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

വായന :-

1. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 03.09.2012 ലെ എൻ.ഇ.പി. (3) 51595/12 നമ്പർ സർക്കുലർ.
2. പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ വകുപ്പ് അദ്ധ്യക്ഷന്മാരുമായി 06.01.2017 ന് രാവിലെ 10.30 ന് ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്.

പ്രൈമറി ക്ലാസ്സുകളിലും ഐ.സി.ടി. അധിഷ്ഠിത പ്രവർത്തനങ്ങളും ഇ-ഗവേണൻസ് പ്രവർത്തനങ്ങളും നടപ്പിലാക്കുന്നതിനും പ്രൈമറി സ്കൂൾ ഐ.ടി. കോ-ഓർഡിനേറ്റർമാരെ തെരഞ്ഞെടുത്ത് പരിശീലനം നൽകുന്നതിനും വായന പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പ്രൈമറി സ്കൂളുകളിലും ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് സൗകര്യം, പ്രത്യേക ഐ.സി.ടി. പാഠപുസ്തകങ്ങൾ, ഇ-ഗവേണൻസ് പ്രവർത്തനങ്ങൾ തുടങ്ങിയവ നടപ്പിലാക്കിവരുകയാണ്. പ്രസ്തുത പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുന്നതിന് താഴെപറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു :

**<u>പ്രൈമറി സ്കൂൾ ഐ.ടി. കോ-ഓർഡിനേറ്റർ</u>**

1. സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ് പ്രൈമറി സ്കൂളുകളിലും പ്രത്യേക സ്കൂൾ ഐ.ടി. കോ-ഓർഡിനേറ്റർമാരുടെ സേവനം ഉറപ്പുവരുത്തേണ്ടതാണ്.
2. നിലവിൽ പ്രൈമറി സ്കൂളുകളിൽ/പ്രൈമറി വിഭാഗത്തിൽ പ്രത്യേക ഐ.ടി. കോ-ഓർഡിനേറ്റർ ഇല്ലാത്ത സ്ഥലങ്ങളിൽ 13.01.2017 ന് മുൻപ് കോ-ഓർഡിനേറ്റർമാരെ തെരഞ്ഞെടുക്കേണ്ടതാണ്.

3. പ്രൈമറി സ്കൂൾ ഐ.ടി. കോ-ഓർഡിനേറ്റർമാരുടെ വിശദാംശങ്ങൾ (നിലവിലുള്ളവരുടേയും പുതുതായി തെരഞ്ഞെടുക്കുന്നവരുടേയും) 14.01.2017 ന് വൈകിട്ട് 5 മണിക്കു മുൻപ് ഐ.ടി.@സ്കൂൾ പ്രോജക്ടിന്റെ അതത് ജില്ലാ ഓഫീസിൽ അറിയിക്കേണ്ടതാണ്.

4. സംസ്ഥാനത്ത് നടപ്പിലാക്കുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പ്രൈമറി സ്കൂൾ ഐ.ടി. കോ-ഓർഡിനേറ്റർമാർക്ക് 2017 ജനുവരി 20 നകം പ്രൈമറി സ്കൂളുകളിൽ നടപ്പിലാക്കുന്ന വിവിധ ഐ.സി.ടി. - ഐ.സി.ടി. അനുബന്ധ പ്രവർത്തനങ്ങളെക്കുറിച്ച് ഏകദിന പരിശീലനം ഐ.ടി.@സ്കൂൾ പ്രോജക്ട് നൽകേണ്ടതാണ്.

5. ഐ.ടി.@സ്കൂൾ പ്രോജക്ടിലെ മാസ്റ്റർ ട്രെയിനർമാരുടെ നേതൃത്വത്തിൽ പ്രത്യേക പരിശീലന മൊഡ്യൂൾ ഉപയോഗിച്ച് അതത് ജില്ലകളിൽ പരിശീലനം സജ്ജീകരിക്കേണ്ടതാണ്. പ്രോജക്ടിന്റെ ജില്ലാ റിസോഴ്സ് കേന്ദ്രങ്ങൾ, എസ്.എസ്.എ. യുടെ ബി.ആർ.സി.കൾ, അസാപ് പദ്ധതിയുടെ കമ്പ്യൂട്ടർ ലാബുകൾ, പരിശീലനം നടത്താൻ കഴിയുന്ന പ്രൈമറി സ്കൂൾ കമ്പ്യൂട്ടർ ലാബുകൾ തുടങ്ങിയവ പരിശീലന കേന്ദ്രങ്ങളാക്കേണ്ടതാണ്.

6. ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് സൗകര്യമുള്ള ടി കേന്ദ്രങ്ങളിൽ പി.എസ്.ഐ.ടി.സി. പരിശീലനം ക്രമീകരിക്കേണ്ടതും പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് 125 രൂപയും പരിശീലകർക്ക് 200 രൂപയും ഓണറേറിയമായി ഐ.ടി.@സ്കൂൾ നൽകേണ്ടതാണ്.

7. ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരെ (സ്ഥിരം അധ്യാപകരില്ലാത്ത സ്കൂളുകളുണ്ടെങ്കിൽ മാത്രം) പരിശീലനത്തിന് ഉൾപ്പെടുത്താം.

8. പരിശീലനത്തിൽ പങ്കെടുക്കുന്നവരുടെ വിശദാംശങ്ങൾ Training Management System - ൽ ഉൾപ്പെടുത്തുന്നതുൾപ്പെടെ അധ്യാപകരുടെ ഐ.സി.ടി. പരിശീലനത്തിന് നിർദ്ദേശിച്ചിട്ടുള്ള എല്ലാ മാനദണ്ഡങ്ങളും ഈ പരിശീലനത്തിനും ബാധകമാക്കേണ്ടതാണ്.

## സ്കൂൾ വിക്കി

സംസ്ഥാനത്തെ മുഴുവൻ പൊതുവിദ്യാലയങ്ങൾക്കും സ്വന്തം വെബ്പേജ് എന്ന ഉദ്ദേശ്യത്തോടെ നടപ്പിലാക്കിവരുന്ന 'സ്കൂൾ വിക്കി' പ്രൈമറി വിദ്യാലയങ്ങൾക്കും സമയബന്ധിതമായി ലഭ്യമാക്കുന്നതിന് വിദ്യാഭ്യാസവകുപ്പ് പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുകയാണ്. സ്കൂൾ വിക്കി - യിൽ എല്ലാ ഹൈസ്കൂളുകളുടേയും വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ സ്കൂളുകളുടേയും വിശദാംശങ്ങൾ സ്കൂൾ വിക്കിയിലുൾപ്പെടുത്തുന്നതിന് താഴെപറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു :

1. സംസ്ഥാനത്തെ എല്ലാ എൽ.പി.-യു.പി.-ഹൈസ്കൂളുകളും 2017 ജനുവരി 25 ന് മുൻപ് സ്കൂൾ വിക്കിയിൽ സ്കൂളിന്റെ വിശദാംശങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്.

2. വിദ്യാഭ്യാസ ഉപജില്ലയുടെ പ്രവർത്തനങ്ങളിൽ സഹായിക്കുന്ന ഐ.ടി.@സ്കൂൾ മാസ്റ്റർ ട്രെയിനർ ഉപജില്ലയിലെ എല്ലാ ഹൈസ്കൂളുകളുടേയും വിശദാംശങ്ങൾ സ്കൂൾ വിക്കിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ഉൾപ്പെടുത്തിയ വിശദാംശങ്ങൾ ശരിയാണെന്നും ഉറപ്പുവരുത്തേണ്ടതാണ്.

3. സ്കൂൾ വിക്കി പ്രവർത്തനങ്ങൾ ക്രോഡീകരിക്കുന്നതിന് വിദ്യാഭ്യാസ ജില്ലാതലത്തിൽ വിക്കി കോ-ഓർഡിനേറ്റർമാരായി ചുമതലപ്പെടുത്തിയിട്ടുള്ള ഐ.ടി.@സ്കൂൾ മാസ്റ്റർ ട്രെയിനറുടെ നേതൃത്വത്തിൽ വിക്കി അപ്ഡേഷൻ പ്രവർത്തനങ്ങൾ നടത്തേണ്ടതും ഓരോ ഉപജില്ലയിലേയും ഏറ്റവും മികച്ച രീതിയിൽ വിക്കി പ്രവർത്തനങ്ങൾ നടത്തുന്ന ഒരു സ്കൂളിനെ തെരഞ്ഞെടുക്കേണ്ടതുമാണ്. ഉപജില്ലാതലത്തിൽ തെരഞ്ഞെടുക്കുന്ന സ്കൂളുകളുടെ വിശദാംശങ്ങൾ ഐ.ടി.@ സ്കൂൾ ജില്ലാ കോ-ഓർഡിനേറ്റർ അറിയിക്കേണ്ടതാണ്.

4. ഉപജില്ലയിലെ എല്ലാ പ്രൈമറി സ്കൂളുകളും സ്കൂൾ വിക്കിയിൽ വിശദാംശങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്. ഇതിന് വിക്കി കോ-ഓർഡിനേറ്ററുടേയും ഉപ ജില്ലയുടെ ചുമതലയുള്ള മാസ്റ്റർ ട്രെയിനറുടേയും സേവനം പ്രയോജനപ്പെടുത്തേണ്ടതാണ്. സമയബന്ധിതമായി ഓരോ സ്കൂളിന്റെ പേരും വിശദാംശങ്ങളും സ്കൂൾ വിക്കിയിൽ മലയാളത്തിൽ ഉൾപ്പെടുത്തുന്നതിന് ഐ.ടി.@സ്കൂൾ പ്രോജക്ടിന്റെ ജില്ലാ കോ-ഓർഡിനേറ്ററും മാസ്റ്റർ ട്രെയിനർമാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

5. ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് സൗകര്യം പ്രൈമറി സ്കൂളുകൾക്കും ലഭ്യമാക്കിവരികയാണ്. എന്നാൽ നിലവിൽ ഇന്റർനെറ്റ് സൗകര്യമില്ലാത്ത പ്രൈമറി സ്കൂളുകൾക്ക് ഐ.ടി.@സ്കൂൾ പ്രോജക്ടിന്റെ ജില്ലാ റിസോഴ്സ് കേന്ദ്രങ്ങളുടേയും ഹൈസ്കൂളുകളുടേയും ഇന്റർനെറ്റ് സൗകര്യം ഇതിനായി ഉപയോഗിക്കാവുന്നതാണ്.

**ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് സൗകര്യം**

സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങൾക്കും ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് സൗകര്യം വിദ്യാഭ്യാസ വകുപ്പ് സൗജന്യമായി ലഭ്യമാക്കിക്കൊണ്ടിരിക്കുകയാണ്. പ്രൈമറി സ്കൂളുകൾക്ക് ലഭ്യമാക്കുന്ന ബ്രോഡ്ബാൻഡ് ഇന്റർനെറ്റിന്റെ ഉപയോഗം സംബന്ധിച്ച നിർദ്ദേശങ്ങൾ 24.10.2016 ന് 74002/16/ഡി.പി.ഐ. നമ്പർ സർക്കുലർ പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്ന് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സൗകര്യം ഫലപ്രദമായി ഉപയോഗിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു :

1. ഐ.സി.ടി. അധിഷ്ഠിത പഠന പ്രവർത്തനങ്ങൾക്കും സ്കൂളുകളുടെ ഇ-ഗവേണൻസ് പ്രവർത്തനങ്ങൾക്കുമാണ് സ്കൂളുകളിൽ ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുന്നത്. ആയതിനാൽ സ്കൂളുകളിൽ ഇന്റർനെറ്റ് ഫലപ്രദമായാണ് ഉപയോഗിക്കുന്നതെന്ന് പ്രഥമാധ്യാപകർ ഉറപ്പുവരുത്തേണ്ടതാണ്.
2. സ്കൂൾ ഇതര സമയങ്ങളിൽ പ്രഥമാധ്യാപകന്റെ/സ്കൂൾ ഐ.ടി. കോ-ഓർഡിനേറ്ററുടെ അറിവും സമ്മതവും കൂടാതെ സ്കൂളിലെ ഇന്റർനെറ്റ് സൗകര്യം മറ്റാരും ഉപയോഗിക്കാൻ പാടുള്ളതല്ല.

**'കളിപ്പെട്ടി' - പ്രൈമറി ക്ലാസ് ഐ.സി.ടി. പാഠപുസ്തകങ്ങൾ**

ഒന്നു മുതൽ നാലുവരെ ക്ലാസ്സുകളിലെ ഐ.സി.ടി. അധിഷ്ഠിത പഠന പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് പ്രത്യേക ഐ.സി.ടി. പാഠപുസ്തകങ്ങൾ 'കളിപ്പെട്ടി' വിദ്യാർത്ഥികൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. ക്ലാസ് മുറികളിൽ ഇത് കൃത്യമായി വിനിമയം ചെയ്യുന്നതിന് പ്രത്യേക പരിശീലനവും വിദ്യാഭ്യാസവകുപ്പ് നൽകിയിട്ടുണ്ട്. ആയതിനാൽ എല്ലാ സ്കൂളുകളിലും കളിപ്പെട്ടി ഫലപ്രദമായി വിനിമയം ചെയ്യുന്നുണ്ടെന്ന് പ്രഥമാധ്യാപകർ ഉറപ്പുവരുത്തേണ്ടതും വിദ്യാഭ്യാസ ഓഫീസർമാർ ആയത് പരിശോധിക്കേണ്ടതുമാണ്.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പ്രൈമറി ക്ലാസ്സുകളിൽ നടപ്പിലാക്കുന്ന ഐ.സി.ടി.-ഐ.സി.ടി. അധിഷ്ഠിത പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ഐ.ടി.@സ്കൂൾ പ്രോജക്ട് ഒരുക്കേണ്ടതും സ്കൂളുകളിലെ ഐ.സി.ടി. പ്രവർത്തനങ്ങൾ വിദ്യാഭ്യാസ ഓഫീസർമാർ പരിശോധിക്കേണ്ടതുമാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.ടി@സ്കൂൾ പ്രോജക്ട്
എല്ലാ എൽ.പി/യു.പി/ഹൈസ്കൂൾ പ്രഥമാധ്യാപകർക്കും

പകർപ്പ്:

സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, എസ്.എസ്.എ.
സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, ആർ.എം.എസ്.എ.
എല്ലാ ഡി.ഡി.ഇ/ഡി.ഇ.ഒ/എ.ഇ.ഒ മാർക്കും